**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2019** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടുള്ള സാമ്പിളുകളുടെ ഫോറൻസിക് ഡി.എൻ.എ. പരിശോധന ഫലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ടുള്ള സാമ്പിളുകളുടെ ഫോറൻസിക് ഡി. എൻ. എ. പരിശോധന ഫലം ലഭിച്ചിട്ടുണ്ടോ; | (എ) | മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് 223 സാമ്പിളുകളുടെ ഫോറൻസിക് പരിശോധന ഫലങ്ങൾ ലഭിച്ചിട്ടുണ്ട് . |
| (ബി) | ഏതൊക്കെ ഫോറൻസിക് ലാബുകളിലാണ് പരിശോധന നടത്തിയത്; എത്ര സാമ്പിളുകളാണ് പരിശോധനയ്ക്ക് ഫോറൻസിക് ലാബിൽ അയച്ചിട്ടുള്ളത്; | (ബി) | കണ്ണൂർ റീജണൽ ഫോറൻസിക് ലബോറട്ടറിയിൽ 431 പോസ്റ്റ്മാർട്ടം സാമ്പിളുകളും 172 രക്ത സാമ്പിളുകളുമാണ് പരിശോധനയ്ക്ക് അയച്ചത്. |
| (സി) | മറ്റു ലാബുകളിൽ കൂടുതൽ സൗകര്യവും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നിട്ടും കണ്ണൂർ ലാബിൽ മാത്രം കൊടുക്കേണ്ട സാഹചര്യം എന്തായിരുന്നു; | (സി) | സാമ്പിളുകളെ ഏകോപനം ചെയ്യുന്നതിനും പരസ്പരം താരതമ്യം നടത്തുന്നതിനും ഒരു ലാബിൽ തന്നെ പരിശോധന നടത്തുന്നതാണ് ഉത്തമം എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 13 ഉദ്യോഗസ്ഥരെ കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറിയിലെ DNA വിഭാഗത്തിൽ അധികമായി നിയോഗിച്ചിരുന്നു. |
| (ഡി) | ഫോറൻസിക് ലാബ് ഡയറക്ടറുടെ കാര്യക്ഷമതയില്ലായ്മയും അനാസ്ഥയും ആണോ ലാബ് റിപ്പോർട്ട് വൈകുന്നതിന് കാരണമാകുന്നത്; | (ഡി) | 431 പോസ്റ്റ്മോർട്ടം സാമ്പിളുകളും 172 രക്ത സാമ്പിളുകളും ലഭിച്ചതിൽ നിന്നും 379 DNA പ്രൊഫൈലുകൾ കണ്ടെത്തുകയും 223 പോസ്റ്റ്മോർട്ടം സാമ്പിളുകൾ തിരിച്ചറിയുകയും ഇതിന്റെ interim report യഥാസമയം ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>03.08.2024 മുതൽ 25.09.2024 വരെയും പോസ്റ്റ്മോർട്ടം സാമ്പിളുകൾ കണ്ണൂർ ലാബിൽ സ്വീകരിച്ചു വരികയായിരുന്നു. ഇങ്ങനെ പോസ്റ്റ്മോർട്ടം സാമ്പിളുകൾ നിരന്തരം ലാബിൽ സ്വീകരിച്ചു വന്നിരുന്നതിനാലാണ് combined റിപ്പോർട്ട് (അന്തിമ റിപ്പോർട്ട്) നൽകാൻ സാധിക്കാത്തത്. |
| (ഇ) | സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ സമയബന്ധിതമായി തീർപ്പാക്കാൻ പറ്റുന്നില്ലെങ്കിൽ | (ഇ) | കൂടുതൽ ജീവനക്കാരെ ഉപയോഗിച്ച് ഫോറൻസിക് ലാബിൽ തന്നെ സമയബന്ധിതമായി പരിശോധന |

| | | | |
|---|---|---|---|
| | കാര്യഗൗരവം പരിഗണിച്ച് മറ്റു സഹായ സംവിധാനങ്ങൾ എന്തുകൊണ്ട് ഉപയോഗിച്ചില്ലെന്ന് വ്യക്തമാക്കുമോ ; ശ്രീചിത്ര, ആർ.ജി.സി.ബി. തുടങ്ങിയ റിസർച്ച് സെന്ററുകളിൽ സാമ്പിളുകൾ നൽകിയിരുന്നെങ്കിൽ ഇത്രയും കാലതാമസവും ചിലവും ഉണ്ടാകുമായിരുന്നോ; | | നടത്തുവാനുള്ള സാഹചര്യം ഉണ്ടായിരുന്നതിനാലാണ് മറ്റ് ലാബുകളെ ആശ്രയിക്കാതിരുന്നത്. |
| (എഫ്) | ഗവൺമെന്റിന്റെയും ഫോറൻസിക് ലാബിന്റെയും കണക്ക് പ്രകാരം എത്ര പുരുഷൻമാരും എത്ര സ്ത്രീകളും എത്ര കുട്ടികളുമാണ് മരണപ്പെട്ടിട്ടുള്ളത്; | (എഫ്) | സ്ത്രീകൾ - 89<br>പുരുഷൻമാർ - 110<br>കുട്ടികൾ -52<br>നിലവിൽ തിരിച്ചറിഞ്ഞവർ 251, കണ്ടു കിട്ടാനുള്ളവർ 47 (പുരുഷൻമാർ 17, സ്ത്രീകൾ 20, കുട്ടികൾ 10) |
| (ജി) | വയനാട് ദുരന്ത മേഖലയിലെ സാമ്പിളുകൾ പരിശോധിക്കുന്നതിന് വേണ്ടി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; ഇത് ഫലപ്രദമായി ഉപയോഗിച്ചോ? | (ജി) | **സാമ്പിളുകൾ പരിശോധിക്കുന്നതിന് വേണ്ടി ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ആകെ 21,92,879/- രൂപ ചെലവായിട്ടുണ്ട്. 431 പോസ്റ്റ്മാർട്ടം സാമ്പിളുകളും 172 രക്ത സാമ്പിളുകളും പരിശോധിച്ച് DNA പ്രൊഫൈൽ കണ്ടെത്തുന്നതിന് വേണ്ടിയാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ